പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3237 — 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളിവിരുദ്ധ നിലപാട്

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാനാണെന്ന പേരിൽ കെ.എസ്.ആർ.ടി.സി.യിലെ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലുള്ളവരോട് തൊഴിലാളിവിരുദ്ധ നിലപാട് സ്വീകരിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വസ്തുത വെളിപ്പെടുത്തുമോ; | (എ) | തൊഴിലാളി വിരുദ്ധ നടപടി സ്വീകരിക്കുന്നില്ല. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ സമഗ്രപുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരണവും, ഡ്യൂട്ടി പാറ്റേൺ പുനഃക്രമീകരണവും നടത്തുകയും ഉണ്ടായിട്ടുണ്ട്. ആയതിന്റെ ഭാഗമായി 8 മണിക്കൂറിൽ അധികരിക്കാത്ത രീതിയിൽ വിവിധ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പുനർനിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ ചെയ്യുന്നതുപോലെ, കെ.എസ്. ആർ.ടി.സി.യിലെ കണ്ടക്ടറുടെയും ഡ്രൈവറുടെയും ജോലിക്ക് അർഹമായതും സർക്കാർ നിശ്ചയിച്ചതുമായ ശമ്പള വ്യവസ്ഥയിൽ സുശീൽ ഖന്ന റിപ്പോർട്ടിന്റെ പേരിൽമാറ്റം വരുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സർക്കാറിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള സേവന വേതന വ്യവസ്ഥകളാണ് തുടർന്ന് വരുന്നത്. ടി വ്യവസ്ഥയിൽ നിന്നും യാതൊരു മാറ്റവും നിലവിൽ വരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൊതുമേഖലയിലെ ഈ ഗതാഗത സംവിധാനത്തെ സ്വകാര്യവൽക്കരിക്കുന്നതിനോ നിർത്തലാക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (സി) | പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന, സമർപ്പിച്ച ശുപാർശകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ടി ശുപാർശകളിൽ കോർപ്പറേഷനെ സ്വകാര്യവൽക്കരിക്കുന്നതിനോ, നിർത്തലാക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല. കോർപ്പറേഷന്റെ ബസ് – ജീവനക്കാർ അനുപാതം ദേശീയ ശരാശരിയിലേക്ക് മെച്ചപ്പെടുത്തുന്നതിനും, വരുമാനവർദ്ധനവിനുമുള്ള പ്രാഥമിക ശുപാർശകളാണ് ലഭ്യമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ